# സിനിമാരംഗത്തെ സ്ത്രീകൾക്ക് നീതി എങ്ങനെ: സംവാദം

ദേശാഭിമാനി 8/2/2026




മീഡിയ അക്കാദമി തയ്യാറാക്കിയ 'മീഡിയ വുമൺ: അമ്മു ജോസഫ്സ് ഫാഷനേറ്റ് ജേർണി' ഡോക്യുമെന്ററി പ്രകാശനം ബീന പോൾ, കെ ആർ മീര, റിമ കല്ലിംഗൽ എന്നിവർ ചേർന്ന് നിർവഹിക്കുന്നു. ആർ എസ് ബാബു സമീപം

**തിരുവനന്തപുരം**

നെറ്റ്‌വർക്ക് ഓഫ് വിമൻ ഇൻ മീഡിയ ഇന്ത്യയുടെ ദേശീയ സമ്മേളനത്തിന്റെ ഭാഗമായി 'തുറന്നുപറച്ചിലുകൾക്ക് അപ്പുറം: സിനിമാരംഗത്തെ സ്ത്രീകൾക്ക് നീതി എങ്ങനെ ലഭ്യമാകും?' എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിച്ചു. എഴുത്തുകാരി കെ ആർ മീര മുഖ്യ പ്രഭാഷണം നടത്തി. കേരള മീഡിയ അക്കാദമി ചെയർമാൻ ആർ എസ് ബാബു അധ്യക്ഷനായി. സുവനീറിന്റെ പ്രകാശനം കെ ആർ മീര നിർവഹിച്ചു. നടി ആക്രമിക്കപ്പെട്ട കേസിന്റെ ആദ്യ നാളുകളിൽ ക്രൂരമായ തലക്കെട്ടുകൾ ഇട്ടിരുന്ന രീതിയിൽനിന്ന് മാധ്യമങ്ങൾ മാറിയിട്ടുണ്ടെന്നും ആ മാറ്റത്തിനുപിന്നിൽ വനിതാ മാധ്യമപ്രവർത്തകരുടെ കൂട്ടായ്മയാണെന്നും റിമ കല്ലിംഗൽ പറഞ്ഞു. സിനിമയിലെ അധികാര ഘടനയെക്കുറിച്ച് എഡിറ്റർ ബീന പോൾ സംസാരിച്ചു. എൻഡബ്ല്യുഎംഐ സ്ഥാപക അംഗം അമ്മു ജോസഫിനെക്കുറിച്ചുള്ള ഡോക്യുമെന്ററി ബീന പോൾ, റീമ കല്ലിംഗൽ, മിറിയം ജോസഫ് എന്നിവർ ചേർന്ന് പ്രകാശിപ്പിച്ചു.